ഹോളിഫാമിലി ഫൊറോനാ ദൈവാലയം, പൊൻകുന്നം

# തിരുക്കുടുംബം

PARISH BULLETIN

മംഗളവാർത്തക്കാലം - 2016 Vol.8 Issue 6



## മാർ മാത്യു വട്ടക്കുഴി പിതാവിന് ആദരാഞ്ജലികൾ



പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷിച്ച
നമ്മുടെ പ്രിയപ്പെട്ട മാത്യു പിണമറുകിലച്ചന്

# ആശംസകൾ

# ഉള്ളടക്കം


| | | |
|---|---|---|
| മുഖമൊഴി | – | 2 |
| ഇടയമൊഴി | – | 3 |
| വിളക്ക് | – | 5 |
| ഇടവക വിശേഷങ്ങളിലൂടെ | – | 7 |
| നിയമബോധനം | – | 14 |


## എഡിറ്റോറിയൽ ബോർഡ്


| | | |
|---|---|---|
| മാനേജിംഗ് എഡിറ്റർ | - ഫാ. ജോസഫ് വെള്ളമറ്റം | - 9447867873 |
| ചീഫ് എഡിറ്റർ | - ഫാ. സിറിയക് മാത്തൻകുന്നേൽ | 9744173375 |
| സബ് എഡിറ്റേഴ്സ് | - റോബിൻ കട്ടിക്കാരൻ | 9446602386 |
| | - വർഗീസ് മുതുപ്ലാക്കൽ | 9446201068 |
| കമ്മറ്റി അംഗങ്ങൾ | - അജേഷ് പനയ്ക്കൽ | |
| | സൂസൻ വെട്ടിക്കൊമ്പിൽ | |
| | കിറ്റിൻ ഗോൾഡ്ഹിൽ | |
| | കുസുമം ഗോൾഡ്ഹിൽ | |
| | മരിയ മടുക്കക്കുഴി | |



Published by : The Vicar, Holy Family Forane Church,
Ponkunnam. Ph: 04828- 221368

Layout & Printing: General Offset PNKM Ph: 222564, 9495496974

## മുഖമൊഴി

*വീണ്ടുമൊരു ക്രിസ്തുമസ് കാലത്തിന്റെ കൂടി വരവറിയിച്ചുകൊണ്ട് ഡിസംബർ മാസത്തിന്റെ കുളിരും തണുപ്പും നമ്മെ വലയം ചെയ്യുവാൻ തുടങ്ങിയിരിക്കുന്നു. 2016 ന്റെ അവസാന മാസത്തിലേയ്ക്കു പ്രവേശിക്കുന്ന ഈ അവസരത്തിൽ കടന്നുപോകുന്ന വർഷം സമ്മാനിച്ചതെന്തെല്ലാമാണെന്നു തിരിഞ്ഞുനോക്കുമ്പോൾ ഏറെ നന്മകളും അതിലേറെ ദുരന്തങ്ങളും നമ്മുക്കു ചുറ്റും കാണുവാൻ സാധിക്കും. നോട്ടുപ്രതിസന്ധിയും, തെരുവുനായശല്യവും, പീഡനങ്ങളും, വർദ്ധിച്ചുവരുന്ന ലഹരിയുടെ ഉപയോഗവും, രാഷ്ട്രീയ പകപോക്കലുകളും, തീവ്രവാദവുമെല്ലാം ഇന്നും നമ്മെ അലട്ടുന്ന പ്രശ്നങ്ങളാണ്. ഇവയ്ക്കെല്ലാം നടുവിൽ, കണ്ണീരിന്റെയും കഷ്ടപ്പാടിന്റെയും കഠിനാധ്വാനത്തിന്റെയും പാതയിൽ, ദൈവകേന്ദ്രീകൃതമായ ഒരു ജീവിതം നയിക്കുന്നവർക്ക് ഇത്തരം പ്രശ്നങ്ങളെ സമചിത്തതയോടെ നേരിടുവാൻ സാധിക്കും. അവന്റെ മനസ്സ് എന്നും പ്രശാന്തസുന്ദരമായിരിക്കും.*

*ഈ സുമനസ്സുകൾക്കായി മംഗളവാർത്തക്കാലം ആരംഭിക്കുയാണ്. നല്ല വാർത്തകളാണ് നമ്മുടെ മനസ്സിനെ ഹഠാദാകർഷിക്കുന്നതും ആശ്വാസമേകുന്നതും സന്തോഷിപ്പിക്കുന്നതും. 'അത്യുന്നതങ്ങളിൽ ദൈവത്തിനുമഹത്വം ഭൂമിയിൽ ദൈവകൃപനിറഞ്ഞവർക്കു സമാധാനം' എന്ന മാലാഖമാരുടെ കീർത്തനമാണ് മംഗളവാർത്തയെ വിളിച്ചറിയിക്കുന്നത്. ആരാണ് ദൈവകൃപനിറഞ്ഞവർ ? 'ഇതാ കർത്താവിന്റെ ദാസി നിന്റെ ഇഷ്ടം എന്നിൽ നിറവേറട്ടെ' - എന്നു പ്രത്യുത്തരം നല്കിക്കൊണ്ട് സ്വന്തം ഇഷ്ടങ്ങളെ നിഷ്പ്രഭമാക്കിയ പരിശുദ്ധ അമ്മയെപ്പോലെ ദൈവഹിതത്തിനു സ്വയം സമർപ്പിക്കുമ്പോൾ നമ്മിലും ദൈവകൃപനിറയുന്നു. അവനവർ കേന്ദ്രീകൃതമായ ഇന്നത്തെ ലോകത്ത്, അപരന്റെ ഇഷ്ടങ്ങൾ തെല്ലും മാനിക്കാതെ സ്വന്തം സുഖസൗകര്യങ്ങൾക്കായി എന്തും ചെയ്യാൻ മനുഷ്യർ തയ്യാറാകുന്നു. ഭൗതികതയ്ക്കപ്പുറം ചിന്തിക്കാനും ഈശ്വരേച്ഛ കണ്ടെത്താനും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും അവഗണിക്കപ്പെട്ടവർക്കും കൈത്താങ്ങാകാനും, അങ്ങനെ ജീവിതം സാർത്ഥകമാക്കി മാറ്റാനും ആർക്കും എടുത്തുമാറ്റാൻ സാധിക്കാത്ത ക്രിസ്തുവിന്റെ സമാധാനം അനുഭവിക്കാനും ഈ മംഗളവാർത്തക്കാലം കാരണമായിത്തീരട്ടെ. വിശുദ്ധ മദർ തെരേസയുടെ വാക്കുകൾ ഓർക്കുക - 'പുഞ്ചിരിയിൽ നിന്നാണ് ലോകസമാധാനം ആരംഭിക്കുന്നത്'. നമ്മുടെ ഒരു പുഞ്ചിരി, സ്നേഹപൂർവ്വമായ ഒരു വാക്ക് അനേകർക്ക് സമാശ്വാസമായിത്തീരട്ടെ.*

*ഉണ്ണീശോ പിറന്നുവീണ പുൽക്കൂട്ടിലേക്കു പ്രവേശിക്കുവാൻ, നമ്മുടെ ശിരസ്സ് അല്പം കുനിക്കാം. ലാളിത്യത്തിന്റെയും എളിമയുടെയും പുൽത്തൊഴുത്തിലേയ്ക്ക് പ്രവേശിക്കുവാൻ അതേ ഭാവങ്ങൾ നമ്മിലും നിറയേണ്ടിയിരിക്കുന്നു. ക്രിസ്മസ്സിനായുള്ള ഈ ഒരുക്കകാലത്ത് പിള്ളക്കച്ചയിൽ പൊതിഞ്ഞ ഉണ്ണീശോയെ സ്വീകരിക്കുവാൻ നമ്മുടെ ഹൃദയങ്ങളെ ഒരുക്കാം. മാനത്തുതെളിയുന്ന പ്രഭാപൂർണ്ണമായ നക്ഷത്രം നമ്മുടെ മനസ്സിനെയും പ്രത്യാശാഭരിതമാക്കട്ടെ.*




# കുടുംബ കുർബാനയ്ക്ക് ക്ഷണം



ഈശോയിൽ പ്രിയ സ്നേഹിതരേ,

മംഗലവാർത്തക്കാലത്തിലൂടെ പുതിയ ആരാധനാ വത്സരത്തിലേയ്ക്ക് നാം പ്രവേശിക്കുകയാണല്ലോ. പേര് സൂചിപ്പിക്കുന്നതു പോലെ ഇത് വലിയ സന്തോഷത്തിന്റെ കാലമാണ്. കർത്താവിന്റെ തിരുപ്പിറവിയാണല്ലോ നമ്മുടെ സന്തോഷത്തിന്റെ കാരണം. നമ്മുടെയിടയിലേയ്ക്ക് കടന്നുവരുന്ന ദൈവകുമാരനെ എതിരേല്ക്കുകയെന്നതാണ് നമ്മുടെ ദൗത്യം. ഉണ്ണീശോയെ വരവേല്ക്കാൻ നമ്മുടെ ഹൃദയങ്ങളെ വിശുദ്ധിയുടെയും സുകൃതങ്ങളുടെയും പുതിയ പുൽത്തൊട്ടികളായി രൂപാന്തരപ്പെടുത്താം.

മംഗലവാർത്ത ശ്രവിച്ചത് മറിയമാണല്ലോ. മംഗലവാർത്തക്കാലം പരിശുദ്ധ കന്യകാമറിയത്തെ അനുസ്മരിക്കുകയും ആദരിക്കുകയും ചെയ്യുന്ന കാലമാണ്. ഈശോയും മാതാവും യൗസേപ്പുമുള്ള തിരുക്കുടുംബത്തിന്റെ ഓർമ്മകളും നമ്മുടെ മനസ്സിലെത്തും. തിരുക്കുടുംബത്തിലെ ശാന്തിയും സന്തോഷവും നമ്മുടെ ഓരോ കുടുംബത്തിലും നിലനിൽക്കുവാൻ നാമെല്ലാം ആഗ്രഹിക്കുന്നു.

ഈ വർഷത്തെ പിറവിത്തിരുനാളിനോടനുബന്ധിച്ച് ഒരു ദിവസം കുടുംബാംഗങ്ങൾ എല്ലാവരും അടുത്തടുത്ത് ഒന്നിച്ചു നിന്ന് വിശുദ്ധ കുർബാനയിൽ പങ്കുകൊള്ളുന്നതിന് എല്ലാ കുടുംബങ്ങളെയും ക്ഷണിക്കുന്നു. ഓരോ കുടുംബവും ഒന്നിച്ചുനിന്ന് ഈ വർഷം ദൈവം തങ്ങൾക്ക് നല്കിയ കൃപകളെ ഓർമ്മിക്കുന്നതിനും പുതിയ വത്സരത്തിലേയ്ക്ക് അനുഗ്രഹം പ്രാർത്ഥിക്കുന്നതിനുമുള്ള അവസരമാണിത്.

കൂട്ടായ്മ അടിസ്ഥാനത്തിൽ കുടുംബകുർബാനയ്ക്ക് വരു

ന്നത് ഏറെ സൗകര്യപ്രദമായിരിക്കും. ഓരോ കൂട്ടായ്മയ്ക്കും നിശ്ചയിച്ചിരിക്കുന്ന ദിവസം ഏതെന്ന് ഇപ്രാവശ്യത്തെ ഇടവക ബുള്ളറ്റിനിൽ അറിയിച്ചിട്ടുണ്ട്. അന്നേ ദിവസം ഏതെങ്കിലും കുടുംബത്തിന് വരാൻ അസൗകര്യം ഉണ്ടാകുന്നുവെങ്കിൽ തുടർന്നുള്ള ഏതെങ്കിലുമൊരുദിവസം അവർക്ക് വന്ന് സംബന്ധിക്കാവുന്നതാണ്. ഓരോ കുടുംബത്തിലെയും അംഗങ്ങൾ പരസ്പരം കൈകോർത്തുപിടിച്ചുകൊണ്ടാണ് അന്ന് കുർബാനയുടെ ആദ്യത്തെ 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ' ചൊല്ലുക. യോഗ്യതയോടെ ദിവ്യകാരുണ്യം സ്വീകരിക്കാനും എല്ലാവരും ശ്രദ്ധിക്കുമല്ലോ. കുർബാനയ്ക്കുശേഷം അന്ന് കുടുംബ കുർബാനയിൽ പങ്കെടുത്തവർക്കുവേണ്ടി ഒരു ആശീർവാദപ്രാർത്ഥന ഉണ്ടായിരിക്കും. തുടർന്ന് കുടുബാംഗങ്ങൾ ഒന്നിച്ച് തിരുക്കുടുംബ രൂപത്തിനുമുമ്പിൽ ചെന്ന് അല്പസമയം പ്രാർത്ഥിക്കുന്നതും ഉചിതമാണ്.

ഡിസംബർ ഒന്നിനാണ് കുടുംബ കുർബാന ആരംഭിക്കുന്നത്. ഇടവകതിരുനാളോടെ സമാപിക്കുകയും ചെയ്യും. ഞായറാഴ്ച ഒഴികെ എല്ലാദിവസവും രാവിലെ 5.15 മുതൽ പള്ളിയിൽ നിശബ്ദ ആരാധന ഉണ്ടായിരിക്കും. ഒപ്പം കുമ്പസാരത്തിന് സൗകര്യവും ഉണ്ടാകും. 5.50 ന് ജപമാല ആരംഭിക്കും. 6.15 നാണ് കുർബാന. രണ്ടാമത്തെ കുർബാന വൈകിട്ട് 5 മണിക്കായിരിക്കും. ശനിയാഴ്ചമാത്രം രാവിലെ 6.15 നുള്ള കുർബാനയ്ക്കുശേഷമായിരിക്കും രണ്ടാമത്തെ കുർബാന. അന്ന് വൈകിട്ട് കുർബാന ഇല്ല.

ഡിസംബർ 25 ന് പിറവിത്തിരുനാൾ ആഘോഷങ്ങളോടെ ശതോത്തര രജതജൂബിലി വർഷം അവസാനിക്കുകയാണ്. ക്രിസ്മസ്, ജൂബിലി, പുതുവത്സരം, ഇടവകതിരുനാൾ എന്നിവയുടെയെല്ലാം പശ്ചാത്തലത്തിൽ കുടുംബ കുർബാനയർപ്പണം നന്ദിയുടെയും പ്രാർത്ഥനയുടെയും നവീകരണത്തിന്റെയും അവസരമാക്കി മാറ്റാം. നസ്രസ്സിലെ തിരുക്കുടുംബത്തിലൂടെ നമ്മുടെയിടയിലേയ്ക്ക് കടന്നുവരുന്ന ഈശോ എല്ലാ കുടുംബങ്ങളെയും അനുഗ്രഹിക്കട്ടെ

സ്നേഹത്തോടെ,

**ഫാ. ജോസഫ് വെള്ളമറ്റം** (വികാരിയച്ചൻ)

# വിളക്ക്

**ഫാ. സിറിയക്**
മാത്തൻകുന്നേൽ



നാം മംഗളവാർത്തക്കാലത്ത് നോമ്പെടുത്ത് രക്ഷകന്റെ തിരുപ്പിറവിയെ അനുസ്മരിക്കാൻ ഒരുങ്ങുകയാണല്ലോ. ഈശോയുടെ മനുഷ്യാവതാര രഹസ്യം കൊണ്ടാടുന്നതിന് ഒരുക്കമായി മനുഷ്യസൃഷ്ടി, ആദിമാതാപിതാക്കന്മാരുടെ അനുസരണക്കേട്, അതിന്റെ അനന്തര ഫലങ്ങൾ, അധ:പതിച്ച മനുഷ്യന്റെ പരിതാപകരമായ അവസ്ഥ, ദൈവം നൽകിയ രക്ഷയുടെ വാഗ്ദാനം, മാനവ വംശവുമായി അവിടുന്ന് ചെയ്ത ഉടമ്പടി, രക്ഷകനെ കുറിച്ചുള്ള പ്രവചനങ്ങൾ എന്നിവയും, പരി. ദൈവമാതാവിനു രക്ഷാകര ചരിത്രത്തിലുള്ള വലിയ പങ്കും ഈ മംഗളവാർത്തകാലത്ത് അനുസ്മരിക്കുന്നു.

ദൈവപുത്രന്റെ ജനനത്തിൽ ഭൂവാസികളും, സ്വർഗ്ഗവാസികളും സന്തോഷത്തിലാറാടി. എന്തുകൊണ്ടെന്നാൽ രക്ഷയുടെ ആശാകിരണങ്ങൾ ഉദയം ചെയ്തു. ലോകത്തിനു കൈവന്ന ഈ സൗഭാഗ്യത്തിൽ പങ്കുപറ്റാനുള്ള ആഹ്വാനമാണ് മംഗളവാർത്ത, പിറവിക്കാലങ്ങൾ നമ്മുക്കു നൽകുന്നത്. രക്ഷാകര കർമ്മത്തിൽ രക്ഷകന്റെ അമ്മയായി മംഗളവാർത്ത മുതൽ കുരിശിൻ ചുവട്ടിൽ വരെ ഒരുമിച്ചു നീങ്ങിയ പരി. കന്യാമറിയത്തെ തന്നെയാണ് നാം എപ്രകാരം ജീവിതത്തെ ക്രമപ്പെടുത്തണമെന്നതിനുള്ള മാതൃകയായി തിരുസ്സഭ നമ്മുക്ക് നൽകുന്നത്. രക്ഷകനു ജനനം നൽകുന്നതിനുമുമ്പ് അമ്മ കടന്നു പോയ വഴികൾ തന്നെയാണ് രക്ഷകൻ രൂപപ്പെടാനുള്ള നമ്മുടെ വഴിയും.

1) ദൈവഹിതം നിറവേറ്റി വിവാഹത്തിലേക്ക് കടക്കുവാൻ ആഗ്രഹിച്ച കന്യാമറിയം ദൈവഹിതത്തിനു വിധേയപ്പെട്ടു. (ലൂക്കാ 1:26-27)
2) ശരിയായ അർത്ഥം അറിയാൻ ആഗ്രഹിച്ചു. (ലൂക്കാ.1:28)
3) സംശയം ദൈവത്തോട് തുറവിയോടെ ചോദിച്ചു. (ലൂക്കാ. 1:34)

4) ദൂതൻ തന്ന അടയാളത്തെ വിശ്വസിച്ചു, അത് ഏറ്റുപറഞ്ഞു (ലൂക്ക. 1:35-38)

5) ആവശ്യക്കാരെ തിരിച്ചറിഞ്ഞ് ശുശ്രൂഷിക്കാൻ തിടുക്കത്തിൽ പുറപ്പെട്ടു (ലൂക്ക. 1:39)

ഇത്രയും കാര്യം നടന്നപ്പോഴാണ് അവൾക്ക് പ്രതിസന്ധികളെ തരണം ചെയ്ത് ദൈവപുത്രനു ജന്മം നൽകാനായത്. ഇത് ഓരോ വിശ്വാസിക്കും സംഭവിക്കേണ്ട കാര്യങ്ങളാണ്. ഈ പടികളിൽ നാം നടന്നു കയറണം. തിരുപ്പിറവിയുടെ മംഗളങ്ങൾ സ്നേഹത്തോടെ നേരുന്നു.

## കുടുംബ കുർബാന

| തീയതി | | കൂട്ടായ്മ | തീയതി | | കൂട്ടായ്മ |
|---|---|---|---|---|---|
| 01-12-16 | - | 01 | 26-12-16 | - | 24 |
| 02-12-16 | - | 02 | 27-12-16 | - | 25 |
| 03-12-16 | - | 03 A, 03 B | 28-12-16 | - | 26 |
| 05-12-16 | - | 04, 04 B, 04 C | 29-12-16 | - | 27 A, 27 B |
| 06-12-16 | - | 05 | 30-12-16 | - | 28, 29 |
| 07-12-16 | - | 06 A, 06 B | 31-12-16 | - | 30 |
| 08-12-16 | - | 07 A, 07 B | 02-01-17 | | 31 |
| 09-12-16 | - | 08, 09 | 03-01-17 | | 32 |
| 10-12-16 | - | 10 | 04-01-17 | | 33 |
| 12-12-16 | - | 11 | 05-01-17 | | 34 |
| 13-12-16 | - | 12 | 06-01-17 | | 35 |
| 14-12-16 | - | 13, 14 | 07-01-17 | | 36 |
| 15-12-16 | - | 15 | 09-01-17 | | 37 |
| 16-12-16 | - | 16 A, 16 B | 10-01-17 | | 38 |
| 17-12-16 | - | 17 | 11-01-17 | | 39 |
| 19-12-16 | - | 18 | 12-01-17 | | 40, 41 |
| 20-12-16 | - | 19 | 13-01-17 | | 42 |
| 21-12-16 | - | 20 | 14-01-17 | | 43, 44 |
| 22-12-16 | - | 21 | 16-01-17 | | 45 |
| 23-12-16 | - | 22 | 17-01-17 | | 46 |
| 24-12-16 | - | 23 | | | |

## ഇടവക വിശേഷങ്ങളിലൂടെ



| | | | |
|---|---|---|---|
| നവംബർ | 30 | - | വി. അന്ത്രയോസ് ശ്ലീഹാ |
| ഡിസംബർ | 3 | - | വി. ഫ്രാൻസിസ് സേവ്യർ |
| | 7 | - | വി. അംബ്രോസ് |
| | 8 | - | **പരിശുദ്ധ കന്യകാമറിയത്തിന്റെ അമലോത്ഭവ തിരുനാൾ** |
| | 18 | - | മൈലാപ്പൂരിലെ അത്ഭുത സ്ലീവാ |
| | 25 | - | **നമ്മുടെ കർത്താവിന്റെ പിറവിത്തിരുനാൾ** |
| | 26 | - | വി. എസ്തപ്പാനോസ് |
| | 27 | - | വി. യോഹന്നാൻ ശ്ലീഹാ |
| | 28 | - | കുഞ്ഞിപ്പൈതങ്ങൾ |
| | 31 | - | വർഷാവസാനം |
| ജനുവരി | 3 | - | വി. ചാവറ കുര്യാക്കോസ് ഏലിയാസ് |
| | 6 | - | ദനഹാത്തിരുനാൾ |

## സൺഡേ സ്കൂൾ

1. 8-ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കുവേണ്ടി രൂപതാതലത്തിൽ നടത്തുന്ന ലൈഫ് ലൈൻ ക്യാമ്പ് ഡിസംബർ 10, 11 തീയതികളിൽ നടത്തുന്നതാണ്

2. വിശ്വാസ ജീവിത പരിശീലകർക്കുവേണ്ടി രൂപതാതലത്തിൽ നടത്തുന്ന അദ്ധ്യാപക ക്വിസ് ഡിസംബർ 12-ാം തീയതി നടത്തുന്നതാണ്.

*റോബിൻ കട്ടിക്കാരൻ, ഹെഡ്മാസ്റ്റർ*

## സാരഥി

1. ചികിത്സാ സഹായമായി 2000/- രൂപ നല്കി.

2. സാരഥി കാഞ്ഞിരപ്പള്ളി രൂപതാ മീറ്റിംഗ് കുട്ടിക്കാനം മരിയൻ കോളേജിൽ വച്ച് നടന്നു.
3. സാരഥി അംഗങ്ങൾ 1 ഏക്കർ സ്ഥലത്ത് കപ്പ, വാഴ, പച്ചക്കറികൾ എന്നിവ കൃഷി ചെയ്യുന്നു.

## മാതൃവേദി

1. നവംബർ 3 ശനിയാഴ്ച മാതൃവേദിയുടെ വാർഷികം റവ. ഫാ. ജോസഫ് വെള്ളമറ്റത്തിന്റെ അദ്ധ്യക്ഷതയിൽ നടത്തി. അന്നേദിവസം ഇടവകയിലെ വിവാഹ ജൂബിലിക്കാരെ (25, 50 വർഷം) ആദരിക്കുകയും അവർക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്തു.
2. രണ്ടാം ശനിയാഴ്ചകളിൽ 2.30 പി.എം. മുതൽ 3.30 പി.എം. വരെ ബഹു. കൊച്ചച്ചൻ മാതാക്കൾക്കായി നടത്തുന്ന ക്ലാസ്സ് തുടർന്നു വരുന്നു.

**സെക്രട്ടറി, ബിന്ദു റ്റിജോ തേക്കുംതോട്ടം**

## ചെറുപുഷ്പ മിഷൻലീഗ്

പത്രശേഖരണത്തിലൂടെ ലഭിച്ച തുക ഉപയോഗിച്ച് ഇടവകയിലെ പാവപ്പെട്ട കുടുംബങ്ങൾക്ക് പലചരക്ക് സാധനങ്ങൾ വാങ്ങി നൽകി.

**ഷെറി മോളോപ്പറമ്പിൽ (ഓർഗനൈസർ)**

## സി. വൈ. എം. എ.

1. കേരളോത്സവത്തോടനുബന്ധിച്ച് നടന്ന പഞ്ചായത്ത്തല വോളീബോൾ മത്സരത്തിൽ സി.വൈ.എം.എ. ഒന്നാം സ്ഥാനം കരസ്ഥമാക്കി.
2. സംഘടനയുടെ നേഴ്സറി സ്കൂൾ കെട്ടിട നിർമ്മാണം രണ്ടാം ഘട്ടം പൂർത്തിയായി വരുന്നു. സാമ്പത്തികമായും അല്ലാതെയും സഹകരിച്ചവർക്ക് നന്ദി. തുടർ പ്രവർത്തന

ങ്ങൾക്ക് സഹായങ്ങൾ പ്രതീക്ഷിക്കുന്നു.

3. കാഞ്ഞിരപ്പള്ളി രൂപതയുടെ മുൻ അദ്ധ്യക്ഷൻ മാർ മാത്യു വട്ടക്കുഴി പിതാവിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുകയും ബഹു. വൈദികരോടൊത്ത് പ്രാർത്ഥനാ ശുശ്രൂഷയിൽ പങ്കെടുത്ത് റീത്ത് സമർപ്പിക്കുകയും ചെയ്തു.
4. സംഘടനാംഗങ്ങൾ നമ്മുടെ ദൈവാലയത്തിന്റെ സീലിംഗ് ഭാഗവും ഫാനുകളും അൾത്താരയും തൂത്ത് വൃത്തിയാക്കി.

## യുവദീപ്തി

### 1. കാരുണ്യഭവനം വെഞ്ചരിപ്പ്

കാരുണ്യവർഷത്തോടനുബന്ധിച്ച് യുവദീപ്തി നിർമ്മിച്ച കാരുണ്യഭവനത്തിന്റെ വെഞ്ചരിപ്പ് പൊൻകുന്നം തിരുക്കുടുംബ ദൈവാലയ വികാരി ഫാ. ജോസഫ് വെള്ളമറ്റത്തിന്റെയും, ഫാ. സിറിയക് മാത്തൻകുന്നേൽ അച്ചന്റെയും സാന്നിദ്ധ്യത്തിൽ 2016 നവംബർ 19 ശനിയാഴ്ച നടത്തി.

ഈ കാരുണ്യഭവനം പണിയുന്നതിനുവേണ്ടി സാമ്പത്തിക സഹായം ചെയ്ത എല്ലാവർക്കും പ്രത്യേകം നന്ദി അറിയിക്കുന്നു. അതുപോലെ തന്നെ ഈ ഭവനം പണിയുന്നതിനായി നേതൃത്വം നൽകിയ പൊൻകുന്നം വിൻസെൻഷ്യൽ വേദി അംഗങ്ങൾക്കും സാരഥി പ്രവർത്തകർക്കും പ്രത്യേകം നന്ദി.

### 2. ഹെസദ് 2016 (യുവജന സംഗമം)

പൊൻകുന്നം ഫൊറോന യുവദീപ്തിയുടെയും പൊൻകുന്നം ഹോളിഫാമിലി യുവദീപ്തിയുടെയും ആഭിമുഖ്യത്തിൽ ഹെസദ് 2016 ഫൊറോന യുവജന സംഗമം നവംബർ 20-ാം തീയതി ഞായറാഴ്ച പൊൻകുന്നം തിരുക്കുടുംബ ദൈവാലയത്തിൽ വച്ച് നടത്തി. 13 ഇടവകകളിൽ നിന്നായി 800 നുമേൽ യുവജനങ്ങൾ പങ്കെടുത്തു.

ഈ പ്രോഗ്രാമിന്റെ വിജയത്തിനായി സാമ്പത്തിക സഹായം നൽകി സഹകരിച്ചവർക്കും, സൺഡേ സ്കൂൾ അധ്യാപകർക്കും, മാതൃവേദി അംഗങ്ങൾക്കും, സിസ്റ്റർമാർക്കും, പ്രാർത്ഥനാ

സഹായം നൽകിയ കരിസ്മാറ്റിക് അംഗങ്ങൾക്കും പൊൻകുന്നം ഇടവകയിലെ എല്ലാ യുവജനങ്ങളുടെയും പേരിൽ ഒരായിരം നന്ദി അറിയിക്കുന്നു.

**3 ഇലക്ഷൻ 2016-17**

ഹോളിഫാമിലി യുവദീപ്തി 2016-17 പ്രവർത്തന വർഷത്തിലെ ഭരണ സമിതിയിലേക്കുള്ള ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നവംബർ 12 ശനിയാഴ്ച 10 മണിക്ക് ഇടവക വികാരി ഫാ. ജോസഫ് വെള്ളമറ്റം അച്ചന്റെ നേതൃത്വത്തിൽ നടത്തി.

**പുതിയ ഭരണസമിതി അംഗങ്ങൾ**

***എ - വിഭാഗം (യുവാക്കൾ)***

| | | |
|---|---|---|
| പ്രസിഡന്റ് | - | ജെഫി തേക്കുംതോട്ടം |
| വൈസ് പ്രസിഡന്റ് | - | ജിതിൻ കോയിപ്പുറം |
| ജനറൽ സെക്രട്ടറി | - | അഖിൽ കൊല്ലമല |
| സെക്രട്ടറി | - | സാം വടശ്ശേരിൽ |
| ട്രഷറർ | - | റ്റിജോ പന്ന്യാമാക്കൽ |
| കൗൺസിലേഴ്സ് | - | ജിത്തു തേക്കുംതോട്ടം |
| | | അരുൺ എബ്രാംമഠത്തിൽ |
| ഓഡിറ്റർ | - | നോയൽ പൊടിമറ്റം |
| | | ഫെജിൻ തോണിക്കുഴി |

***ബി - വിഭാഗം (യുവതികൾ)***

| | | |
|---|---|---|
| പ്രസിഡന്റ് | - | റിയ മംഗലംപാടി |
| വൈസ് പ്രസിഡന്റ് | - | നിമ്മി തോണിക്കുഴി |
| ജനറൽ സെക്രട്ടറി | - | ചിപ്പി വട്ടപ്പാറയിൽ |
| സെക്രട്ടറി | - | ജോസ്ന കാരിച്ചേരിൽ |
| ട്രഷറർ | - | ജോമിയ വയലിൽ |
| കൗൺസിലേഴ്സ് | - | അമല കൈമഠംതുരുത്തിയിൽ |
| | | ജോമോൾ വയലിൽ |
| ഓഡിറ്റേഴ്സ് | - | ദീപ കല്ലൂരാത്ത് |
| | | അഞ്ചു ചെറുകുടൂർ |
| ആനിമേറ്റേഴ്സ് | - | ബെന്നി ഒരപ്പാൻചിറ |
| | | ജൂബി ഗണപതിപ്ലാക്കൽ |

## 4 ക്രിസ്തുമസ് സ്റ്റാർ നിർമ്മാണം

ക്രിസ്തുമസിന്റെ വരവറിയിച്ചുകൊണ്ട് ഡിസംബർ 1-ാം തീയതി സ്ഥാപിക്കുന്നതിനായി ക്രിസ്തുമസ് സ്റ്റാർ നിർമ്മാണം ആരംഭിച്ചു.

## 5 കുരിശടി വൃത്തിയാക്കൽ

പി.പി റോഡിൽ ഉള്ള തിരുക്കുടുംബത്തിന്റെ കുരിശടി യുവ ദീപ്തി അംഗങ്ങൾ ചേർന്ന് വൃത്തിയാക്കി.

*സാം വടശ്ശേരിൽ (സെക്രട്ടറി)*

## വിൻസെൻഷ്യൻ വേദി

കാരുണ്യവർഷം പ്രമാണിച്ച് വിൻസെന്റ് ഡി പോൾ സംഘടനയും യുവദീപ്തിയും ചേർന്ന് ഒരു വീടിന്റെ നിർമ്മാണം പൂർത്തിയാക്കി. പ്രസ്തുത വീടിന് 2,50,495 രൂപ ചിലവായി.

**സെക്രട്ടറി, തോമസ് നരിതൂക്കിൽ**



## തിരുസ്സഭയിലെ നവസൂനങ്ങൾ

1. പീറ്റർ - പുത്തൻപുരയ്ക്കൽ
2. മരിയ - പുത്തൻപുരയ്ക്കൽ
3. മരിയ - കുളച്ചിത്തറയിൽ
4. മരിയ - ഈറ്റുവേലിൽ
5. അന്ന - കോയിപ്പുറത്ത്
6. ജോസഫ് - വെള്ളമറ്റം
7. മേരി - കൊല്ലൂത്താനം
8. ആൻ മരിയ - തോപ്പിൽ

## ഓർമ്മകളിലേയ്ക്ക്

1. തോമസ് - അത്യാലിൽ



## നമ്മൾ ഒന്നായി

1. സെബാസ്റ്റ്യൻ - മരിയ പുതുപ്പറമ്പിൽ
2. തോമസ് - അന്നമ്മ അഴീക്കൽ
3. പീറ്റർ - ഏലിയാമ്മ പുത്തൻപുരയ്ക്കൽ
4. മാത്യു - എലിസബത്ത് മണ്ണംപ്ലാക്കൽ

# മംഗളവാർത്തക്കാലം

മാർത്തോമ്മാക്രിസ്ത്യാനികളുടെ ആരാധനാവത്സരം ആരംഭിക്കുന്നത് മംഗളവാർത്തക്കാലത്തോടുകൂടിയാണ്. ഡിസംബർ 25-ാം തീയതി ആഘോഷിക്കുന്ന ഈശോയുടെ ജനനത്തിന് ഒരുക്കമായുള്ള നാല് ആഴ്ചകളാണ് ഈ കാലത്തിലുള്ളത്. തിരുപ്പിറവിക്ക് ഒരുക്കമായി ഡിസംബർ 1 മുതൽ 25 വരെ നോമ്പ് ആചരിക്കുന്നതുകൊണ്ടാണ് ഈ കാലത്തിന് 25 നോമ്പ് എന്നു പറയുന്നത്. ഈശോയിൽ പൂർത്തിയാക്കപ്പെട്ട രക്ഷാകരപ്രവൃത്തികൾ ആരംഭിക്കുന്നത് അവിടത്തെ ജനനത്തോടുകൂടിയാണ്. സുറിയാനി ഭാഷയിൽ 'സുവാറാ' എന്നാണ് ഈ കാലഘട്ടത്തിന്റെ പേര്. പ്രഖ്യാപനം, അറിയിപ്പ് എന്നൊക്കെയാണ് ഈ പദത്തിന്റെ അർത്ഥം. രക്ഷകനെ പ്രതീക്ഷിച്ചിരുന്ന മാനവവംശത്തെസംബന്ധിച്ചിടത്തോളം ഏറ്റവും മംഗളകരമായ വാർത്തയായിരുന്നല്ലോ ഗബ്രിയേൽ ദൂതൻ പരിശുദ്ധ കന്യാമറിയത്തെ അറിയിച്ചത്. അങ്ങനെ, സമയത്തിന്റെ തികവിൽ പൂർത്തിയായ മനുഷ്യാവതാരരഹസ്യത്തിന്റെ പശ്ചാത്തലത്തിലാണ് ഈ കാലം രൂപപ്പെടുത്തിയിരിക്കുന്നത്. അവിടത്തേ മുന്നോടിയായ സ്നാപകയോഹന്നാന്റെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പും അദ്ദേഹത്തിന്റെ ജനനവും ഈ കാലത്ത് സഭ അനുസ്മരിക്കുന്നു. ഈശോയുടെ മനുഷ്യാവതാര രഹസ്യം കൊണ്ടാടുന്നതിന് ഒരുക്കമായി. മനുഷ്യസൃഷ്ടിമുതൽ ആദിമാതാപിതാക്കളുടെ അനുസരണക്കേടും അതിന്റെ അനന്തര ഫലങ്ങളും, അധ:പതിച്ച മനുഷ്യവംശത്തിന്റെ പരിതാപകരമായ അവസ്ഥയും, ദൈവം നല്കിയ രക്ഷയുടെ വാഗ്ദാനവും, മാനവവംശവുമായി അവിടുന്ന് ചെയ്ത ഉടമ്പടിയും, രക്ഷകനെക്കുറിച്ചുള്ള പ്രവചനങ്ങളും ഈ കാലത്തിൽ അനുസ്മരിക്കുന്നുണ്ട്. പരിശുദ്ധ ദൈവമാതാവിനു രക്ഷാകരചരിത്രത്തിലുള്ള പങ്കും ഈ

കാലത്തിൽ സഭ ചിന്താവിഷയമാക്കുന്നു.

മിശിഹായുടെ മനുഷ്യാവതാരത്തോടെ മനുഷ്യവർഗ്ഗത്തിനു കൈവന്ന സമാധാനവും പ്രത്യാശയും സ്വായത്തമാക്കി, പ്രവാചകദൗത്യത്തിന്റെ പൂർത്തീകരണമായി, ക്രിസ്തുവാഹകരും ക്രിസ്തുദായകരുമായി രൂപാന്തരപ്പെടുവാൻ ഈ കാലത്തിലെ വിശുദ്ധ ഗ്രന്ഥ വായനകളും ഗീതങ്ങളും പ്രാർത്ഥനകളും അനുസ്മരിപ്പിക്കുന്നു.

## പിറവിക്കാലം

സഭയുടെ അതിപുരാതനപാരമ്പര്യത്തിൽ, ഈശോയുടെ മാമ്മോദീസ അനുസ്മരിച്ചിരുന്ന ജനുവരി 6-ാം തീയതിതന്നെയാണ് അവിടുത്തെ തിരുപ്പിറവിയും ആചരിച്ചിരുന്നത്. ഡിസംബർ 25-ാം തീയതി ക്രിസ്മസ് ആഘോഷിക്കുന്ന പതിവ് നാലാം നൂറ്റാണ്ടിൽ ലിബേരിയൂസ് മാർപ്പാപ്പയുടെ കാലത്താണ് ആരംഭിച്ചത്. എ.ഡി. 274-ൽ റോമൻ ചക്രവർത്തിയായിരുന്ന ഔറേലിയൻ ഡിസംബർ 25-ാം തീയതി സൂര്യദേവന്റെ ജന്മദിനമായി ആഘോഷിക്കാൻ കല്പിച്ചു. ചക്രവർത്തിയുടെ കല്പന പാലിക്കാൻ കടപ്പെട്ടിരുന്ന ക്രിസ്ത്യാനികൾ സത്യവിശ്വാസത്തിൽനിന്നു വ്യതിചലിക്കാൻ ഇടയാകുമെന്നു ഭയന്ന മാർപാപ്പ, ആ ദിനത്തിൽ നീതിസൂര്യനും (മല.4:2) സത്യപ്രകാശവുമായ (യോഹ 8:12) ഈശോയുടെ ജനനത്തിരുനാളായി ആചരിക്കാൻ നിർദ്ദേശിച്ചു. അങ്ങനെയാണ് ഡിസംബർ 25-ാം തീയതി ക്രിസ്മസ് ആഘോഷിക്കുന്ന പതിവ് സഭയിൽ ആരംഭിച്ചത്

ഈശോമിശിഹായുടെ പിറവിത്തിരുനാൾ മുതൽ ദനഹാത്തിരുനാൾവരെയുള്ള ദിനങ്ങളിൽ ജ്ഞാനികളുടെ സന്ദർശനവും ഈജിപ്തിലേക്കുള്ള പാലായനവും ഈശോയെ ദേവാലയത്തിൽ സമർപ്പിക്കുന്ന സംഭവവുമാണ് പ്രധാന ചിന്താവിഷയങ്ങൾ.

# നിയമബോധനം

## അത്യാവശ്യം അറിഞ്ഞിരിക്കേണ്ട നിയമങ്ങൾ

ബോബൻ മണ്ണാറാത്ത്
അഡ്വക്കേറ്റ് & നോട്ടറി പബ്ലിക്ക്, പൊൻകുന്നം. 9447 525 615

---

### വസ്തുക്കൾ സംബന്ധിച്ചുള്ള ഇതര കാര്യങ്ങൾ

നിയമങ്ങളിൽ കാലാകാലങ്ങളിൽ വരുന്ന ഭേദഗതികളാലും സസൂക്ഷ്മവും സങ്കീർണ്ണവും ആയ വ്യാഖ്യാനങ്ങളാലും പ്രതിദിനം വികസിച്ചുകൊണ്ടിരിക്കുന്ന നിയമവിജ്ഞാന മേഖലയിൽ സാധാരണ ജനങ്ങൾക്കു കൂടി കടന്നു ചെല്ലുന്നതിനായി ആരംഭിച്ചിട്ടുള്ള നിയമ ബോധനത്തിൽ കഴിഞ്ഞ ലക്കത്തിൽ സൂചിപ്പിച്ചിരുന്നതുപോലെ, വസ്തുസംബന്ധമായ അത്യാവശ്യം അറിഞ്ഞിരിക്കേണ്ട കാര്യങ്ങളെക്കുറിച്ച് ഈ ലക്കത്തിൽ പരാമർശിക്കുകയാണ്.

ഒരു സ്ഥാവര വസ്തുവിലെ രണ്ടോ അതിലധികമോ കൂട്ടുട മസ്ഥന്മാരിൽ ഒരാൾ ആ വസ്തുവിലുള്ള തന്റെ ഓഹരി കൈമാറ്റം ചെയ്യുന്നിടത്ത് കൈമാറ്റം ചെയ്തയാൾക്ക് ഉണ്ടായിരുന്ന കൂട്ടു കൈവശാവകാശവും അനുഭവാവകാശവും അത് ഭാഗിച്ചു ലഭിക്കുവാനുള്ള അവകാശവും ഭാഗിച്ചു പിരിയുന്നവർക്ക് മൊത്തം വസ്തുവിൽ കൂട്ടായ അനുഭവാവകാശവും ഭാഗിച്ചു പിരിയാനുള്ള അവകാശവും കൈമാറ്റം വാങ്ങുന്ന ആൾക്ക് ലഭിക്കുന്നതാണ്. എന്നാൽ ഒരു അവിഭക്ത കുടുംബ ത്തിന്റെ വകയായ വാസഗ്രഹത്തിന്റെ ഓഹരി ആ കുടുംബത്തിലെ അംഗമല്ലെങ്കിൽ മറ്റ് അനുഭവത്തിന് നിയമം അയാളെ അവകാശ പ്പെടു ത്തുന്നില്ല. ഹിന്ദു കൂട്ടവകാശികളുടെ കാര്യത്തിൽ പ്രത്യേക നിബന്ധന കളുള്ളതാണ്. എല്ലാ കരണങ്ങളും ദുർബലപ്പെടുത്തുന്ന കരണമായ റദ്ദാധാരം എഴുതാം. പക്ഷെ നിയമപ്രകാരം ഫലവും, ബലവും പ്രയോഗക്ഷമതയും ഉള്ളതാണോ എന്നത് ഓരോ ഇടപാടിന്റെയും സ്വഭാവത്തെയും സാഹചര്യങ്ങളെയും ആശ്രയിച്ചിരിക്കും. അതായത് റദ്ദാധാരം മൂലം അസ്സലാധാരപ്രകാരം കൈമാറ്റം ചെയ്യപ്പെട്ട വസ്തുവിന്റെ അവകാശം തിരിച്ചു ലഭിക്കുന്നതല്ല. അപ്രകാരം അവകാശം നിരാക്ഷേപമായി തിരിച്ചു ലഭിക്കണമെങ്കിൽ റദ്ദാധാരത്തിൽ തീറുവാങ്ങിയ കക്ഷി കൂടി ഒപ്പിട്ടിരിക്കണം.

തീറുവാങ്ങുന്ന കക്ഷി ഒപ്പിടുന്നതോടുകൂടി റീകൺവേയൻസ് നടക്കുന്നു. തന്മൂലം റദ്ദാധാരത്തിനുള്ള മുദ്രവിലക്കു പകരം തീറാധാരത്തിനുള്ള മുദ്രവില ആവശ്യമായി വരും.

ഒരു വ്യവഹാരത്തിന് ക്ലിപ്തപ്പെടുത്തിയിട്ടുള്ള കാലാവധിക്കകം വ്യവഹാരം ബോധിപ്പിക്കാത്തപക്ഷം കാലാവധി അവസാനിച്ചാൽ, ആ വസ്തുവിൽ അയാൾക്കു ലഭിക്കേണ്ട അവകാശം ഇല്ലാതാകും. എതിർ കൈവശകാലഹരണം വ്യക്തികളുടെ കാര്യത്തിൽ 12 വർഷങ്ങളും ഗവൺമെന്റോ, തദ്ദേശസ്ഥാപനമോ ആണെങ്കിൽ 30 വർഷവുമാണ് കാലാവധി. കാലാവധി പൂർത്തിയാൽ കേരള ജമാറ്റ ചട്ടം 28 പ്രകാരം കൈവശക്കാരന്റെ പേരിൽ ജമമാറ്റി കൊടുക്കാം എന്നുണ്ട്. വസ്തു ഉടമയുടെ ആലസ്യവും നിഷ്ക്രിയത്വവും തുടർന്നാൽ നിയമ സാഹചര്യങ്ങൾ കൈവശക്കാരന് അനുകൂലമായി വരും എന്നതും ശ്രദ്ധിക്കേണ്ടതാണ്.

ഒരാൾക്ക് അവകാശമോ, അധികാരമോ ഇല്ലാത്ത വസ്തു സംബന്ധിച്ച് കരാറിൽ ഏർപ്പെട്ടശേഷം അതേ വസ്തുവിൽ ഏതെങ്കിലും അവകാശം പിന്നീട് ഭാഗപത്രപ്രകാരവും കുടുംബക്കാർ മുഖാന്തിരവും മരണപത്രപ്രകാരമോ അല്ലാതുള്ളതോ ആയ പിൻതുടർച്ചവകാശവഴിക്കും സർക്കാരിൽ നിന്നുമുള്ള പതിച്ചുനൽകലോ, കോടതി വിധി മുഖാന്തിരവമോ ജീവിച്ചിരിക്കുന്നവരിൽ നിന്നും ഉള്ള തീറാധാരപ്രകാരമോ പരസ്പരമാറ്റം വഴിയോ സിദ്ധിക്കാവുന്നതാണ്.

കക്ഷികളെ തെറ്റിദ്ധരിപ്പിച്ച് കരാറിൽ ഏർപ്പെട്ട ആൾക്ക് പിന്നീട് സിദ്ധിച്ച അവകാശം സ്വമേധയാ കൊടുക്കാത്തപക്ഷം സ്പെസഫിക് റിലീഫ് ആക്ടിലെ 13(എ) വകുപ്പു പ്രകാരം കോടതി വഴി നിവൃത്തി തേടാവുന്നതാണ്.

സ്ഥാവര വസ്തുക്കളെ സംബന്ധിച്ച് ഏതെങ്കിലും അവകാശ തർക്കങ്ങൾ തീർപ്പാക്കുന്നതിനുള്ള ഏതെങ്കിലും വ്യവഹാരമോ, നടപടിയോ, നിലവിലിരിക്കുമ്പോൾ കോടതിയുടെ അനുവദം കൂടാതെ, ആ വസ്തു കൈമാറ്റം ചെയ്യാവുന്നതല്ല. എന്നാൽ വസ്തു കൈമാറി വാങ്ങിയ ആൾക്ക് നിലവിലുള്ള വ്യവഹാരത്തെപ്പറ്റി അറിവില്ലെങ്കിൽ പോലും അയാൾ കോടതി വിധി അനുസരിക്കാൻ ബാദ്ധ്യസ്ഥനാണ്.

റവന്യൂ റിക്കവറി നിയമം 36-ാം വകുപ്പനുസരിച്ചുള്ള ഡിമാന്റ്

നോട്ടീസ് നടത്തിയ ശേഷമാണ് റവന്യൂ ജപ്തി പ്രാബല്യത്തിൽ വരുന്നത്. ഈ നോട്ടീസിന്റെ ഒരു പകർപ്പ് ബന്ധപ്പെട്ട സബ്ബ് രജിസ്ട്രാർ ആഫീസിലേക്ക് അയച്ചുകൊടുക്കേണ്ടതുമുണ്ട്. മേൽപ്രകാരം ജപ്തി പ്രാബല്യത്തിൽ വന്നതിനുശേഷം വസ്തുകൈമാറ്റം ചെയ്താലും സർക്കാരിന് റിക്കവറി നടത്തി തുക ഈടാക്കാവുന്നതാണ്. നികുതി കുടിശ്ശിഖയായി തീർത്തശേഷം അടുത്ത ബന്ധുക്കളുടെ പേരിൽ നടത്തുന്ന വസ്തു കൈമാറ്റങ്ങളും കുറഞ്ഞ പ്രതിഫലം കാണിച്ച് നടത്തുന്ന കൈമാറ്റങ്ങളും റവന്യൂ റിക്കവറിയെ പരാജയപ്പെടുത്തുവാനുള്ള ശ്രമങ്ങളായി കണക്കാക്കപ്പെടുന്നു എന്നതു പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യമാണ്. എന്നാൽ നിലവിലുള്ള വ്യവഹാരത്തെപ്പറ്റി അറിയാതെയും ഉത്തമവിശ്വാസത്തോടും കൂടി ശരിയായ പ്രതിഫലം കൊടുത്ത് വസ്തു വാങ്ങുന്നവർ വഞ്ചിതരാകാതിരിക്കുന്നതിനുള്ള മുൻകരുതൽ നടപടികൾ നിലവിലില്ല എന്നുള്ളതും വസ്തുതയാണ്.

വാങ്ങുന്ന വസ്തുവിന്മേൽ കുടിശ്ശിഖ ഇല്ലെന്നുള്ള ഉത്തമവിശ്വാസത്തിന്മേൽ മേൽപ്രകാരം വസ്തു വാങ്ങിയ ആൾക്ക് 14 ദിവസങ്ങൾക്കകം ആക്ഷേപം കൊടുത്ത് തെളിവുകൾ ഹാജരാക്കിയാൽ ജപ്തി പിൻവലിക്കുന്നതിനു കഴിയും മേൽപ്രകാരം ജപ്തി ഒഴിവാക്കി ഉത്തരവായാൽ ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട സബ്ബ് റജിസ്ട്രാഫീസിലേക്ക് അയപ്പിക്കുകയും, രണ്ടാം നമ്പർ സൂചകത്തിൽ ചേർത്തു എന്ന് ഉറപ്പാക്കുകയും വേണം. തുടർന്ന് ഒരു ബാദ്ധ്യതാസർട്ടിഫിക്കറ്റ് വാങ്ങി വയ്ക്കുന്നതും, ബോദ്ധ്യപ്പെടുന്നതും നല്ലതാണ്.

കൈവശപ്പണയപ്രകാരം പണയദായകൻ തന്റെ വസ്തു പണയക്കാരന് കൈവശം കൊടുക്കാം. പണയക്കാരന് വസ്തുവിൽ നിന്നുള്ള എല്ലാ ആദായങ്ങളും എടുക്കാം. പണയക്കാരൻ പണയസംഖ്യക്കുള്ള പലിശക്ക് പകരമായി വസ്തു അനുഭവിക്കുന്നു. കൂടുതൽ ആദായം ഉള്ള വസ്തുവാണെങ്കിൽ ആദായത്തിൽ നിന്നും പലിശ കഴിച്ചുള്ള തുക മുതലിൽ വരവു വയ്ക്കാനും വ്യവസ്ഥ ചെയ്യാവുന്നതാണ്. പണയക്കാരന് പണയം ഒഴിപ്പിക്കൽ നിരോധിക്കാനോ വസ്തു കോടതി വഴി വിൽപ്പിക്കാനോ അധികാരമില്ലാത്തതാണ്. എന്നാൽ കൈവശപ്പണയം കൊടുത്തവസ്തു സ്ഥിരമായി നഷ്ടപ്പെടാമെന്ന അപകടം പതിയിരിക്കുന്ന നിയമ വ്യവസ്ഥകളെക്കുറിച്ചും, പണയവസ്തു വീണ്ടെടുക്കൽ സംബന്ധിച്ചും പിന്നീട് വിശദമായി പ്രതിപാദിക്കുന്നതാണ്.



പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷിച്ച
നമ്മുടെ പ്രിയപ്പെട്ട തോമസ് ഈറ്റോലിലച്ചന്

**ആശംസകൾ**


Oasis Leisure Tours
എയർ ടിക്കറ്റ്
ട്രെയിൻ ടിക്കറ്റ്
ബസ് ടിക്കറ്റ്
വിസിറ്റിംഗ് വിസ
ഹൗസ് ബോട്ട് ബുക്കിംഗ്
പാസ്പോർട്ട്
ടൂർ പാക്കേജ്
DAILY TRIPS TO BANGALORE, CHENNAI
എല്ലാ വെള്ളിയാഴ്ചകളിലും വേളാങ്കണ്ണി തീർത്ഥാടനം
Kalappurackal Building, P.P. Road, Ponkunnam
04828 222416,09447 356651